"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നെയ്യാറ്റിൻകര നഗരസഭയിലെ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.എൽ.ഉദയകുമാറിന് അനുവദിച്ച ശൂന്യവേതനാവധിയിൽ ശേഷിക്കുന്ന ഭാഗം റദ്ദ് ചെയ്ത്, 3-5-2021 ന് ജോലിയിൽ പ്രവേശിപ്പിച്ച നടപടിയ്ക്ക് സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1182/2024/LSGD തീയതി,തിരുവനന്തപുരം, 01-07-2024

പരാമർശം:-
1. 17-12-2016ലെ സ.ഉ.(സാധാ) നം.3437/2016/തസ്വഭവ.
2. ശ്രീ K L ഉദയകുമാർ സമർപ്പിച്ച 19-4-2021 തീയതിയിലെ അപേക്ഷ.
3. നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിയുടെ 3-5-2021ലെ ഇ4/26212/15 നമ്പർ ഉത്തരവ് നടപടികൾ.
4. നഗരകാര്യഡയറക്ടറുടെ 20-7-2021ലെ ഇ2-3625/2016 നമ്പർ കത്ത്.
5. നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിയുടെ 30-3-2024ലെ ഇ4/26212/15 നമ്പർ കത്ത്.

**ഉത്തരവ്**

നെയ്യാറ്റിൻകര നഗരസഭയിൽ സാനിട്ടേഷൻ വർക്കർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.എൽ.ഉദയകുമാറിന് വിദേശത്ത് ജോലി സ്വീകരിക്കുന്നതിന് പരാമർശം(1) പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നതിനെ തുടർന്ന് ടിയാനെ 03/01/2017 ന് നെയ്യാറ്റിൻകര നഗരസഭയിൽ നിന്നും വിടുതൽ ചെയ്തിരുന്നതും തുടർന്ന്, 02/01/2022 വരെ അനുവദിച്ച ശൂന്യവേതനാവധിയുടെ ശേഷിക്കുന്ന ഭാഗം റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന ശ്രീ.കെ.എൽ.ഉദയകുമാറിന്റെ പരാമർശം (2) അപേക്ഷ പരാമർശം (4) പ്രകാരം നഗരകാര്യഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നതുമാണ്. കോവിഡ് മഹാമാരിയുടെ അടിയന്തര സാഹചര്യം കണക്കിലെടുത്ത്, ജീവനക്കാരുടെ കുറവ് കാരണം ബഹു.നഗരസഭാ ചെയർമാന്റെ മുൻകൂർ അനുമതിയോടെ ശ്രീ.കെ.എൽ.ഉദയകുമാറിനെ 3-5-2021 ന് ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതാണെന്നും 22-6-2021 തീയതിയിലെ നെയ്യാറ്റിൻകര നഗരസഭ കൗൺസിലിന്റെ 7-ാം നമ്പർ തീരുമാനപ്രകാരം ബഹു.ചെയർമാന്റെ മുൻകൂർ അനുമതി കൗൺസിൽ അംഗീകരിക്കുകയും ടിയാളുടെ നിയമനം സർക്കാർ സാധൂകരണത്തിന് അയയ്ക്കുകയും ചെയ്തിരുന്നുവെന്ന് നഗരസഭാ സെക്രട്ടറി പരാമർശം (5) പ്രകാരം റിപ്പോർട്ട്

ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ കെ.എൽ.ഉദയകുമാർ, ടിയാന് അനുവദിച്ചിരുന്ന 03-01-2017 മുതൽ 02-01-2022 വരെയുള്ള 5 വർഷത്തെ ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാതെ ശേഷിക്കുന്ന ഭാഗം അവധി റദ്ദ് ചെയ്ത്, ബഹു.ചെയർമാന്റെ മുൻകൂർ അനുമതിയോടെ 3-5-2021 ന് ജോലിയിൽ പ്രവേശിച്ചിരിക്കുന്ന സാഹചര്യത്തിൽ, ശ്രീ കെ.എൽ.ഉദയകുമാറിന് പരാമർശം(1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ, ശേഷിക്കുന്ന ഭാഗം ശൂന്യവേതനാവധി റദ്ദ് ചെയ്ത്, 3-5-2021 ന് ജോലിയിൽ പ്രവേശിപ്പിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANJALY DEVI A G
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ, തിരുവനന്തപുരം
ശ്രീ K L ഉദയകുമാർ, ഓഫീസ് അറ്റൻഡന്റ്, നെയ്യാറ്റിൻകര നഗരസഭ.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-07-2024 10:36:43
സെക്ഷൻ ഓഫീസർ